# ഗവ: എൽ പി സ്കൂൾ മേപ്പാടി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**ആമുഖം**

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ പ്രാഥമിക വിദ്യാലയം ഗവൺമെൻറ് എൽ പി സ്കൂൾ മേപ്പാടി 1921 ൽ മേപ്പാടി ചന്തക്കുന്നിൽ ഒരൊറ്റ മുറിയിൽ നിന്ന് ആരംഭിച്ച്പരിവർത്തനത്തിന്റെയും പുരോഗതിയുടെയും പടവുകൾ പിന്നിടുന്ന ജനകീയ സ്ഥാപനം.മേപ്പാടിയിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ പ്രാഥമിക വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി മദ്രാസ് വിദ്യാഭ്യാസ ബോർഡ് ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

226 വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഭാഷ ന്യൂനപക്ഷ സംരക്ഷണാർത്ഥം തമിഴ് മീഡിയവും പ്രവർത്തിച്ചുവരുന്നു .ഈ വിദ്യാലയത്തിന്റെ പ്രധാന അധ്യാപിക ടെൻസി സെബാസ്റ്റ്യൻ ടീച്ചറാണ്. 13 അധ്യാപകരുംഒരു മെൻ്റർ ടീച്ചറും ഒരു പാചക തൊഴിലാളിയും ഒരു പി .ടി .സി .എമ്മും ഇവിടെജീവനക്കാരായുണ്ട്.തോട്ടം തൊഴിലാളികളുടെയും കർഷകരുടെയും കുട്ടികളാണ് ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും മേപ്പാടി പഞ്ചായത്തിലെ ചെമ്പോത്തറ, പൂളക്കുന്ന് ,വിത്തുകാട് പഞ്ചമി ,മരുന്നു പാത്തി, കൈരളി ,കടൂർ , അമ്പലക്കുന്ന് തുടങ്ങിയ ഉന്നതികളിലെ കുട്ടികളും ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്.ഭൗതിക സാഹചര്യങ്ങൾ തുലോം കുറവായ ഈ സ്കൂളിനെ മറ്റു സ്കൂളുകളോട് കിടപിടിക്കത്തക്ക വിധത്തിലുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിനായി സമൂഹത്തിന്റെ നാനാ മേഖലകളിലുള്ള ആളുകളുടെ അകമഴിഞ്ഞ സഹായം ലഭ്യമായിട്ടുണ്ട്.

പ്രഗൽഭരായ പ്രധാന അധ്യാപകർ, ഭരണസമിതി അംഗങ്ങൾ 'എസ് എസ് ജി ,പിടിഎ,എം പിടിഎ,അധ്യാപകർ,നാട്ടുകാർ തുടങ്ങിയവരുടെ പരിശ്രമത്താൽ ഈ വിദ്യാലയം മേപ്പാടിലെ ഏറ്റവും മികച്ച എൽ പി സ്കൂളായി ഇന്നു നിലനിൽക്കുന്നു.

ഒരു ഹാളിൽ പ്രവർത്തിച്ചിരുന്ന മൂന്ന് നാല് ക്ലാസുകൾ 2024 നവകേരളം പദ്ധതിയിൽപ്പെട്ട തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടം ക്ലാസ്

മുറികൾക്ക് ഏറെ പ്രയോജനകരമായി നിലവിൽ കുട്ടികൾക്കുള്ള വാഷ്ബേസിൻ പരിമിതമായതിനാൽ പുതിയ കെട്ടിടത്തിന് പുറകിലായി മൂന്ന് ,നാല് ക്ലാസുകളിലെ കുട്ടികൾക്കായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ വാഷ് ബേസിനുകൾ നിർമിച്ചു.

ശിശു സൗഹൃദ വിദ്യാലയം , പ്രസക്തമായ ദിനാചരണങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, കലാകായിക പരിശീലനങ്ങൾ, സംഗീത പഠനം , ഏറെ ശ്രദ്ധേയമായ ഇംഗ്ലീഷ് ബോധനരീതികൾ, പ്രവർത്തി പരിചയ പരിശീലനം , എൽഎസ്എസ് പരിശീലനം എന്നിവ ഈ സ്കൂളിൻറെ തനതായ സവിശേഷതകളാണ്.സബ്ജില്ലാ ജില്ലാതല പ്രവർത്തി പരിചയമേളകൾ, സബ്ജില്ല കലോത്സവങ്ങൾ , വിജ്ഞാനോത്സവങ്ങൾ ഇവയി ലെല്ലാം ഈ വിദ്യാലയത്തിലെ കുട്ടികൾ വിജയം നേടുന്നുണ്ട്.2024-25 -അധ്യയനവർഷത്തിൽ 6 എൽ .എസ് . എസ് . നേടിയത് ഈ സ്കൂളിൻ്റെ അഭിമാനാർഹമായ നേട്ടമാണ്.

കളിസ്ഥലത്തിന്റെ അപര്യാപ്തത ഞങ്ങൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. കൂടുതൽ ക്ലാസ് മുറികളുടെ ദൗർലഭ്യം , വിവിധ ലാബുകളുടെ സൗകര്യങ്ങളുടെ അഭാവം ഇവയെല്ലാം ഞങ്ങളുടെ പരിമിതികളാണ്.

ലിറ്റിൽ കൈറ്റ് സിൽനിന്ന് അനുവദിച്ചുതന്ന ലാപ്ടോപ്പുകൾ പ്രൊജക്ടറുകൾ സ്ക്രീൻ തുടങ്ങിയവ ഉപയോഗിച്ച് വിദ്യാലയത്തിലെ കമ്പ്യൂട്ടർ ലാബ് നവീകരിച്ച് സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്.കൂടാതെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൻ്റെ ഭാഗമായി വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഒരു വായനമുറി സജ്ജമാക്കിയിട്ടുണ്ട്.

സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിൻറെ ഭാഗമായി എല്ലാ കുട്ടികളെയും എഴുത്തിലേക്ക് വായനയിലേക്കും നയിക്കുന്നതിനു വേണ്ടിയും,അടിസ്ഥാന ഗണിതശേഷികൾ ഉറപ്പിക്കുക എന്ന ലക്ഷ്യം വെച്ച് കൊണ്ടും 'ഒപ്പത്തിനൊപ്പം ' എന്ന തനതു പ്രവർത്തനം നടപ്പിലാക്കി വരുന്നു.

ഞങ്ങളുടെ പരിമിതികൾ മറികടന്ന് സമീപഭാവിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് വിദ്യാലയമായി ഈ വിദ്യാലയത്തെ മാറ്റാനുള്ള തീവ്രമായ പരിശ്രമം ഞങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൻ്റെ ക്യാച്ച്മെൻ്റ് ഏരിയായിലുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുക
2. സമ്പൂർണ ഹാജർനിലനിർത്തുക
3. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്ന
4. കലാകായിക വിദ്യാഭ്യാസ പ്രോത്സാഹനം
5. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക
6. മുഴുവൻ കുട്ടികളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുക
7. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികളെയും മുഴുവൻ സമയ ക്ലാസ് പ്രവർത്തനങ്ങളുടെയും ഭാഗമാക്കുക. കോളനികൾ പഠന വീട് ,
8. പഠനാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുന്ന
9. എസ് എം സി ,പിടിഎ,പ്രദേശവാസികൾ,മറ്റ് അഭ്യുദയകാംക്ഷികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ സ്കൂളിൻറെ വളർച്ച ഉറപ്പാക്കുകയും സമൂഹത്തിന് മുഖ്യധാരയിലേക്ക് സ്കൂളിനെ എത്തിക്കുകയും ചെയ്യുക
10. സ്കൂളിനെ ജില്ലയിലെ ഏറ്റവും മികച്ച പ്രൈമറി വിദ്യാലയമായി മാറ്റുന്ന
11. ക്ലാസ് റൂമുകൾ, ലൈബ്രറി, ലാബുകൾ 'കളിസ്ഥലം,ജൈവവൈവിധ്യ പാർക്ക് എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്ന
12. മുഴുവൻ കുട്ടികൾക്കും പ്രഭാതഭക്ഷണം ഉറപ്പാക്കുന്ന

## മേഖല – ഭാഷ

**ഉദ്ദേശ്യം:-**

ഭാഷ തെറ്റ് കൂടാതെ ഭാഷാ പഠനം സാധ്യമാക്കുക. വായിക്കാനും എഴുതാനും ഭാഷയുടെ ഉയർന്ന ശേഷികൾ കൈവരിക്കുക

**ഭാഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ വ്യക്തതയോടെയും ഒഴുക്കോടെയും പരിചിതമായ-കാര്യങ്ങൾ പ്രകടിപ്പിക്കുന്നു | -ചിത്രങ്ങൾ ചിത്രകഥകൾ, കഥ,പാട്ട് ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ,ചരിത്ര കഥകൾ -പങ്കുവെക്കൽ | 1 വർഷം | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | 2000 |

## വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വായത്തമാക്കിയ പദങ്ങൾ കൂട്ടിച്ചേർത്ത് വ്യക്തമായും തെറ്റില്ലാതെയും ആശയപൂർണ്ണതയോടെ വ്യക്തമായും ഒഴുക്കോടെയും വായിക്കുന്നു | വായനമൂല- ക്ലാസ് ലൈബ്രറി രൂപീകരണം<br>സ്കൂൾ ലൈബ്രറി നവീകരണം<br>പത്രവായന<br>വായന കാർഡ് നിർമാണം (CPA)<br>പഴഞ്ചൊല്ല് - കടങ്കഥ പയറ്റ് (std III)<br>കഥോത്സവം - വായനോത്സവം രചനോത്സവം<br>നാടൻ പാട്ട് അരങ്ങ് (Std III)<br>അക്ഷര കാർഡ് - പദങ്ങൾ എഴുതിയ കാർഡ്<br>വായനക്കൂട്ടം രൂപീകരിക്കൽ | 1 വർഷം | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ,ഭാഷാ ക്ലബ്, എസ് ആർ ജി, പി ടി | 5000 |

| | | | | |
|---|---|---|---|---|
| | ❁ വായന മത്സരം<br>❁ICT സാധ്യതകൾ<br>❁ ഒപ്പത്തിനൊപ്പം - പിന്നോക്കക്കാർക്കായുള്ള തനത് പ്രവർത്തനങ്ങൾ | | എ,<br>എസ്<br>എം സി | |
| **ലേഖനം** | | | | |
| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടികൾ ആർജിച്ച പദങ്ങൾ കൂട്ടിച്ചേർത്ത് വ്യക്തമായും തെറ്റില്ലാതെയും ആശയപൂർണ്ണതയോടെ വാക്യങ്ങൾ എഴുതുന്നു | സംയുക്ത ഡയറി - ഒന്നാം ക്ലാസ്<br>✍സാങ്കല്പിക ഡയറി (രണ്ടാം ക്ലാസ് )<br>✍സർഗ്ഗാത്മക ഡയറി (മൂന്നാം ക്ലാസ്)<br>✍സുചിത്ര പുസ്തകം<br>✍കവിത പൂരണം, കഥാ പൂരണം. യാത്രാവിവരണം, വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>✍രചനാ ശേഖരണം, രചനോത്സവം<br>✍ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>✍പതിപ്പ് നിർമ്മാണം<br>✍ബാലസഭകൾ<br>✍അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>✍കുട്ടികൾക്ക് എഴുത്തുകൂട്ടം ശില്പശാല<br>✍സാഹിത്യം കാരന്മാരെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കൽ | 1 വർഷം | ചുമതല<br>ക്ലാസ്സ് ടീച്ചർ<br>വിദ്യാരംഗം കലാസാഹിത്യ വേദി<br>പിടിഎ<br>എസ്. ആർജി<br>എസ്<br>എം സി<br>ബിആർസി<br>ഡയറ്റ് | 5000 |

## സർഗാത്മക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗാതമക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്ന | 🏵 വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം<br>✍ദിനാചരണങ്ങൾ<br>✍ആകാശവാണി ക്ലബ്<br>✍നാടൻ പാട്ട് കളരി<br>✍മൈമിങ്<br>✍കഥ പറയൽ<br>✍കവിതാലാപനം സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>✍നാടകങ്ങൾ<br>✍ചിത്രരചന ✍പെയിൻറിംഗ് ✍ കടങ്കഥ ,പഴഞ്ചൊല്ല് അവതരണം<br>✍സ്കൂൾ അസംബ്ലിയിൽ സ്വന്തം സൃഷ്ടികൾ പ്രകടിപ്പിക്കാനുള്ള അവസരം<br>✍സ്കൂൾ ബ്ലോഗ്<br>✍പാട്ട് അരങ്ങ് | 1 വർഷം | വിദ്യാരംഗം കലാസാഹിത്യ വേദി 🏵 ഭാഷാ ക്ലബ്ബ്, സാഹിത്യ മേഖലയിലെ പ്രഗൽഭ ർ , പ്രാദേശിക എഴുത്തുകാർ ' നാടൻപാട്ട് അവതാരകർ ,എസ് ആർ ജി ,എസ് എം സി ,ബി ആർ സി , ഡയറ്റ് , ക്ലാസ് ടീച്ചർ | 10000 |

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൻ്റഭാഗമായി പിന്നോക്കക്കാർക്കുള്ള കൈത്താങ്ങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുത്തും വായനയും കൈവരിക്കുക | പ്രവർത്തനങ്ങൾ<br>' ഒപ്പത്തിനൊപ്പം '<br>സ്കൂളിൻ്റെ തനതു പ്രവർത്തനം<br>✍ രക്ഷിതാക്കൾക്ക്ബോധവൽക്കരണ ക്ലാസുകൾ<br>✍അക്ഷര കാർഡ് നിർമാണം<br>✍പദകാർഡ് നിർമാണം<br>✍ഐസിടി സാധ്യത | | ക്ലാസ് ടീച്ചർ ,എസ് ആർ ജി, എസ്എംസി, | 10000 |
| **ക്ലാസ് ലൈബ്രറി** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികൾസ്വതന്ത്രമായി അവർക്ക് താല്പര്യം ഉള്ള പുസ്തകങ്ങൾ കണ്ടെത്തി വായിക്കുന്നു. ലേഖനം മെച്ചപ്പെടുത്തുന്നു | സ്കൂൾ ലൈബ്രറി നവീകരണം , സ്കൂൾ ലൈബ്രറി പരിചയപ്പെടുന്നു . ക്ലാസ് ലൈബ്രറിയിലേക്ക് അനുയോജ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നു .ക്ലാസ്സിൽ വായനാമൂല സജ്ജീകരിക്കുന്നു. കുട്ടി ലൈബ്രേറിയനെ നിയമിക്കുന്നു. വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നു. വായന സാമഗ്രികൾ രക്ഷിതാക്കളുടെ | 1 വർഷം | ക്ലാസ് ടീച്ചർ, ക്ലാസ് ലൈബ്രറിയൻ, സിപി.റ്റി. എ ,വിദ്യാരംഗം കൺവീനർ , സ്കൂൾ ലൈബ്രറി ഭാരവാഹികൾ ' പ്രാദേശിക ഗ്രന്ഥശാല ഭാരവാഹികൾ | 10000 |

| | | | | |
|---|---|---|---|---|
| | സഹായത്തോടെ<br>തയ്യാറാക്കുന്നു.<br>ഓരോ കുട്ടിയും ഓരോ പുസ്തകം ക്ലാസ് റൂം ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. ✍<br>പ്രാദേശിക ലൈബ്രറി സന്ദർശനം | | | |

**മേഖല – ഗണിതം**

**ഉദ്ദേശ്യം**

ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുക.ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യം സംഖ്യാബോധം ഉറപ്പിക്ക | അബാക്കസ് , സ്ഥാനവില പോക്കറ്റ് ,സംഖ്യ കാർഡുകൾ, ഗണിത കളികൾ , മഞ്ചാടി സഞ്ചി . , ഗണിത മൂല , പഠനോപകരണ നിർമ്മാണം 'ക്ലാസ് റൂം പ്രവർത്തനങ്ങൾ , വർക്ക്ഷീറ്റ് നിർമ്മാണം: പാറ്റേൺ നിർമ്മാണം , ചിത്ര വായന, ഐസിടി സാധ്യതകൾ, ഗണിതമേള , 'ഗണിത പൂക്കളം | 1 വർഷം | ക്ലാസ് ടീച്ചർ ❁ പിടിഎ ❁ എസ് ആർ ജി | 5000/- |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | വിവിധതരം ശേഖരണങ്ങൾ സ്കൂൾ മാർക്കറ്റ് ഗുണന പട്ടിക രൂപീകരണം ❁ ഗണിത കളി ഐസിടി സാധ്യത ❁ വർക്ക് ഷീറ്റ് നിർമ്മാണം ഫസിലുകൾ ഗുണന പട്ടിക രൂപീകരണം സ്റ്റാം പിറ്റ് ക്ലാസ് റൂം ലാബ് കാലയളവ് - 1 വർഷംപാറ്റേൺ | 1 വർഷം | ചുമതല ക്ലാസ് ടീച്ചർ ❁ പി ടി എ | 10000 |

| | | | | |
|---|---|---|---|---|
| | രൂപീകരണം | | | |
| അളവുകൾ നീളം വീതി, ഉള്ളവ്, സമയം , തൂക്കം) തിരിച്ചറിയുന്ന | ക്ലോക്ക് നിർമ്മാണം ✍ഫീൽഡ് ട്രിപ്പ്,✍അളവ് പാത്രങ്ങൾ ✍സ്കെയിൽ നിർമ്മാണം. ✍തൂക്കക്കട്ടികളുടെ നിർമ്മാണം ✍ഗണിത കളികൾ ✍ഐസിടി സാധ്യതകൾ ✍ക്ലാസ് ഗണിതലാബ് | ഒരു വർഷം | ചുമതല പി.റ്റി.എ.✍ ടീച്ചേഴ്സ്✍ എസ്.എം.സി.✍ ഗണിത ക്ലബ്ബ് | |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്ന | ചുറ്റുമുള്ള വസ്തുക്കൾ വീട്ടിലെ വസ്തുക്കൾ ജാമിതീയ രൂപ നിർമ്മാണം വർക്ക് ഷീറ്റുകൾ ഗണിത രൂപ മോഡൽ ടാൻഗ്രാം ഗണി ത പൂക്കളം പാറ്റേൺ വരയ്ക്കൽ ഐസിടി സാധ്യതകൾ | 1 വർഷം | പി.റ്റി.എ അധ്യാപകർ ബി.ആർ.സി. | 5000/- |
| ദൈനംദിന പ്രവർത്തനങ്ങള ിൽ പ്രായോഗിക പ്രശ്നാപഗ്രഥനം നടത്തുന്നതിന് | സ്കൂൾമാർക്കറ്റ് ഗണിത കളികൾ കളി നോട്ടുകൾ കച്ചവടക്കളി (ക്ലാസ് റൂം ) കലയളവ് - 1 വർഷം | ക്ലാസ് അധ്യാപക ർ രക്ഷിതാക്ക ൾ പി.റ്റി.എ. | 1 | 2000/- |
| കലണ്ടർ - ദൈനംദിന പ്രവർത്തനങ്ങള ിൽ സമയത്തെ കുറിച്ചുള്ള ധാരണ | കലണ്ടർ നിർമ്മാണം തീയതി ,മാസം ആഴ്ച 'ദിവസം, വർഷം തിരിച്ചറിയുന്ന | 1 മാസം | അധ്യാപകർ, രക്ഷിതാക്കൾ | 500/- |
| ഗണിത ലാബ് | ക്വിസ് | 1 വർഷം | ക്ലാസ് | 20000/ |

| | | | | |
|---|---|---|---|---|
| | ഗണിത പൂക്കളം<br>പാറ്റേൺ നിർമ്മാണം<br>നിർമ്മാണ<br>പ്രവർത്തനങ്ങൾ<br>ഐസിടി സാധ്യതകൾ<br>ഗണിത മാഗസിൻ<br>ഗണിത പതിപ്പ് ഗണിത<br>ശില്പശാല ഗണിത<br>ലൈബ്രറി | | അധ്യാപകർ,<br>ബി ആർ സി<br>ഡയറ്റ്<br>രക്ഷിതാക്കൾ<br>എസ് എം സി | |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണ പാടവം ചുറ്റുപാടുകളെ ശാസ്ത്രീയമായി നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്ന കുട്ടി മികച്ച നിരീക്ഷകൻ ആകുന്നു | പ്രകൃതി നടത്തം പ്രകൃതി നിരീക്ഷണം ചിത്ര നിരീക്ഷണം സിഡി പ്രദർശനം ആവാസ വ്യവസ്ഥ നിരീക്ഷണം വിവിധതരം തൊഴിലുകൾ പൊതു സ്ഥാപനങ്ങൾ വിവിധതരം വീടുകൾ നിരീക്ഷിക്കുന്ന നിഴൽ ഉഭയജീവികൾ വാനനിരീക്ഷണം | ഒരു മാസം | എസ് ആർ ജി ക്ലാസ് ടീച്ചർ എച്ച് എം പി ടി എ | 1000 |
| ശാസ്ത്ര ലാബ്,ശാസ്ത്ര പഠനം ലളിതമാക്കൽ /രസകരമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവനും | എച്ച് എം എസ് സർ ജി ക്ലാസ് ടീച്ചർ | 10000 |
| താരതമ്യം വർഗീകരണം | സസ്യങ്ങൾ ജീവജാലങ്ങൾ വാഹനങ്ങൾ ജൈവ ജൈവ വസ്തുക്കളുടെ വിവിധ അവസ്ഥ ആ മേഖലകളെ മാനദണ്ഡം സ്വയം കണ്ടെത്തി വർഗ്ഗീകരിക്കുന്നു | ഒരുമാസം | ക്ലാസ് ടീച്ചർ എസ് ആർ ജി | 1000 |
| ഭൂപടം ഒരുക്കം | കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ പ്രവർത്തനങ്ങൾ ഭൂപടവായന ഭൂപട രചന സൂചിക നിർമ്മാണം | ആവശ്യാനുസരണം | എച്ച് എം എസ് ആർ ജി ക്ലാസ് ടീച്ചർ | 5000 |

| | | | | |
|---|---|---|---|---|
| | നിറം നൽകാൻ അടയാളപ്പെടുത്തൽ | | | |
| ശാസ്ത്ര വിസ്മയം ചുമർ,ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | 2000 |
| പരീക്ഷണങ്ങൾ സർവ്വേ ലഘു പ്രൊജക്റ്റ് എന്നിവയിലൂടെ ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്നു | ശേഖരണം സർവ്വേ നിരീക്ഷണംശുചിത്വം വ്യക്തി ശുചിത്വം പരിസര ശുചിത്വം പൊതു സ്ഥാപനം പൊതുസ്ഥലങ്ങൾ സാംക്രമിക രോഗങ്ങൾ പൊതുസ്ഥാപനങ്ങളുടെ ചരിത്രം മഴയളക്കൽ മഴമാപിനിയുടെ നിർമ്മാണം തൊഴിൽ സർവ്വേ ജലവിനിയോഗം സസ്യങ്ങളുടെ വളർച്ച ഘട്ടം വായുവിന്റെ ശക്തി | വർഷം മുഴുവൻ | എസ് ആർ ജി എച്ച്എം ക്ലാസ് പിടിഎക്ലാസ് ടീച്ചർ | 3000 |
| ശാസ്ത്ര മാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം വർഷത്തിൽ ഒന്ന് | എച്ച് എം എസ് എസ് ആർ ജി പ്ലാസ്റ്റിക് | 1 | 1000 |
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ വർഷത്തിലൊന്ന് | എച്ച് എം എസ് ആർ ജി സി പി ടി എ ക്ലാസ് ടീച്ചർ | | |
| ഐസിടിയി | ശാസ്ത്ര പഠനം രസകരവും | ക്ലാസ് ടീച്ചർ | 1 | |

| | | | | |
|---|---|---|---|---|
| ലൂടെ ശാസ്ത്ര പഠനം സാധ്യമാക്കുന്നു | വിജ്ഞാനപ്രദവും ആക്കുവാൻ ഐസിടി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനംവിവിധതര ആവാസ വ്യവസ്ഥകൾ കരയിലും ജലത്തിലും ജീവിക്കുന്ന ജീവികൾ ജന്തുലോകം പക്ഷി ലോകം വിവിധതരം കലകൾ കലകളുമായി ബന്ധപ്പെട്ട ചമയങ്ങൾഎന്നിവയുടെ സീഡികൾ കേരളം ഇന്ത്യ കലാരൂപങ്ങൾ സിഡി പ്രദർശനങ്ങൾ | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയാൻ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കാലാവതരണം.കലിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം വർഷത്തിലൊന്ന് | എച്ച് എം എസ് ആർ ജി സി പി ടി എ ക്ലാസ് ടീച്ചർ | | |
| ശാസ്ത്ര മാസികശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം വർഷത്തിൽ ഒന്ന് | എച്ച് എം എസ് ആർ ജി ക്ലാസ് ടീച്ചർ | | |
| ശാസ്ത്ര ക്ലബ്ബ് കുട്ടികൾ സംഘടിത മനോഭാവത്തോടെ ശാസ്ത്ര പ്രവർത്തനങ്ങളിൽ | ദിനാഘോഷങ്ങൾ ഔഷധത്തോട്ട നിർമ്മാണം സ്വാതന്ത്ര്യദിന ക്വിസ് പോസ്റ്റ് നിർമ്മാണം പതിപ്പ് നിർമ്മാണം ക്വിസ് അഭിമുഖങ്ങൾ തുവൽ വേരുകൾ മണ്ണ് എന്നിവയുടെ | ഒരു വർഷം മുഴുവൻ | ക്ലബ്ബിലെ അംഗങ്ങൾ.എസ്. ആർ ജി.എച്ച് എം ക്ലാസ് ടീച്ചർ,പിടിഎ | 1 |

| | | | | |
|---|---|---|---|---|
| ഏർപ്പെടുന്ന | ശേഖരണം 'ശാസ്ത്ര നാടകങ്ങൾ പച്ചക്കറി വിത്ത് 'ശേഖരണം | | | |

## ENGLISH

| Aims | ACTIVITIES | DURATION | TASK | FINANCE |
|---|---|---|---|---|
| *To empower the children to speak English without inhibition.<br>*To empower the children to read and write English.<br>*To empower the parents to give sufficient support to their children for their assignments.<br>*To develop the quality of English education in primary schools.<br><br>To ensure quality education to all children are provided with individual work sheet, Reading cards, spelling cards,puppet show.a word/sentence for a day and simplified class room activities and games. | *English assembly.<br>*Diary writing in English.<br>*Readers theatre.<br>*English class library.<br>*News reading.<br>*Cartoon and cinema<br>*Listen and enjoy stories.<br>*English classes in English only.<br>*Presenting skits ,drama ,poems and action songs.<br>*Activities as games | *Weekly once<br>*Everyday<br>*Once in two months<br>*Daily<br>*Weekly once<br>*Once in a month<br>*Daily<br>*Daily<br>*Daily<br><br>1 Year | *English teachers, English club,class room as lab,Parents,PTA | 25000. |

**ഗോത്രവിദ്യാഭ്യസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗോത്രവിഭാഗം കുട്ടികളുടെ പഠന പുരോഗതി എല്ലാ കുട്ടികളോടുമൊപ്പം പഠന പുരോഗതി കൈവരിക്കുന്നു | ഉന്നതിസന്ദർശനം ബോധവൽക്കരണ ക്ലാസുകൾ പ്രാദേശിക പി.ടി.എ. ഊരുത്സവങ്ങൾ പഠനയാത്രകൾ<br>ഊരു വിദ്യാകേന്ദ്രങ്ങൾ ബോധവൽക്കരണ ക്ലാസ്സുകൾ<br>പ്രഭാത ഭക്ഷണം സൗജന്യ പഠനോപകരണങ്ങളുടെ വിതരണം" തനതു കലാരൂപങ്ങൾ അവതിരിപ്പിക്കൽ | ഒരു വർഷം | ടീച്ചേഴ്സ് ബി ആർ സി എസ് എസ് ജി സാമൂഹ്യപ്രവർത്തകർ പ്രമോട്ടേഴ്സ് പഞ്ചായത്ത് ജനമൈത്രി പോലീസ് ST പ്രമോട്ടേഴ്സ് നോഡൽ ഓഫീസ് മെന്റർ ടീച്ചർ 20000 /- | 20000 |

## അറബിക്

**ലക്ഷ്യങ്ങൾ :-**

- ➔ **അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.**
- ➔ **ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം**
- ➔ **ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു**
- ➔ **കഥ, കവിത എന്നിവ ശകട്ട് ആസവദിക്കുന്നതിന്**
- ➔ **മാഗസിൻ നിർമ്മാണം**
- ➔ **ദിനാചരണങ്ങൾ പരിചയപ്പെടുന്നു**
- ➔ **ഭാഷാ ശേഷി വായന, സംഭാഷണം, കേട്ട് ഗ്രഹിക്കൽ , എഴുത്ത് നേടൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ ഭാഷാ കളികൾ | 2 മാസം | അധ്യാപകൻ<br>എസ് ആർ ജി<br><br>പി ടി എ | 500 |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനേനട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പു വരുത്തുക.<br><br>വായനയലൂടെയും | **വായനാ വസന്തം**<br>**► വായന മത്സരം**<br>**► ക്ലാസ് പിടി എ ► സ്കൂൾ ലൈബ്രറി ► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)**<br>**► വായന കുറിപ്പുകൾ**<br>**► അറബിക് പത്ര വായന** | 3 മാസം | അധ്യാപകൻ<br>എസ് ആർ ജി<br><br>പി ടി എ | 500 |

| | | | | |
|---|---|---|---|---|
| എഴുത്തിലൂടെയും ഭാഷാ ശേഷി നേടാനുള്ള സാഹചരയം ക്ലാസ് റൂമുകളിൽ ഒരുക്കുക<br><br>വിദ്യാഭയാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ ഫഠനത്തിലൂടെ ഉറപ്പു വരുത്തുക<br><br>ഭാഷ പഠനത്തിൽ ഐ സി ടി യുടെ സാധ്യത പ്രലയാജനടപ്പെുത്താനു ം വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗാത്മക കഴിവുകൾ ഭാഷ രഠനത്തിലൂടെ വികസിപ്പിക്കുക | **/റേഡിയോ**<br><br>**എഴുത്തുത്സവം**<br>**▶ എഴുത്തുകൂട്ടം ► പതിപ്പുകളുടെ നിർമാണം ► വായന കുറിപ്പ് ലേഖരണം ► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ ► `ഭാഷാ കളികൾ**<br><br>**. അറബിക് കമ്മ്യൂണിലക്കഷൻ.**<br>**▶ ആശയ വിനിമയ വേദി, ക്ലാസ് തലം സ്കൂൾ തലം ► സ്പീക്കിംഗ് ലിസണിംഗ് യാപ്പുകൾ ► അറബിക് മേള ( നാടകം മോണോ ആക്ട്, പ്രസംഗം, സംഭാഷണം) ▶ ഭാഷ കളികൾ അറബിക് അസംബ്ലി** | 3 മാസം<br><br>6 മാസം | അധ്യാപ കൻ എസ് ആർ ജി<br><br>പി ടി എ<br><br>അധ്യാപ കൻ എസ് ആർ ജി<br><br>പി ടി എ | 500<br><br>500 |